**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - ചാത്തമംഗലം ഗ്രാമപഞ്ചായത്ത്- 2015-16 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയ 2,63,625/- (രണ്ട് ലക്ഷത്തി അറുപത്തി മൂന്നായിരത്തി അറുനൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ (സാധാ)നം.1989/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി.16.09.2019**

പരാമർശം:-. 1) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/10/2017 ലെ എ 2-11985/16 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 06/03/2018 ലെ എം3-2700/18 നമ്പർ കത്ത്.

3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 10/09/2018 ലെ കെ.എസ്.എ.1988/ പിറ്റി-3/18 നമ്പർ കത്ത്.

## ഉത്തരവ്

ചാത്തമംഗലം ഗ്രാമപഞ്ചായത്ത് 2010-11, 2011-12 വർഷം ഇ.എം.എസ്. ഭവനപദ്ധതിയ്ക്കായി 53,05,625/- രൂപ ചാത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് വായ്പയെടുത്തു. പ്രസ്തുത പദ്ധതിയ്ക്കുള്ള വായ്പയുടെ മുതൽ തിരിച്ചടവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പലിശ സംസ്ഥാന സർക്കാരുമാണ് നടത്തേണ്ടത്. ഗ്രാമപഞ്ചായത്തിലെ ലോൺ രജിസ്റ്ററും വാർഷിക ധനകാര്യ പത്രിക പ്രകാരവും ഇ.എം.എസ്. ഭവനവായ്പ തിരിച്ചടവിലേയ്ക്ക് 31.03.2016 ന് ബാങ്കിൽ അടയ്ക്കാനവശേഷിച്ച തുക 3,70,625/- രൂപയായിരുന്നു. എന്നാൽ 6,34,250/- രൂപ ബാങ്കിൽ അടവാക്കിയിട്ടുണ്ട്. അടയ്ക്കേണ്ടതില്ലാത്ത 2,63,625/- രൂപ വികസനഫണ്ടിൽ നിന്ന് പിൻവലിച്ച് ബാങ്കിൽ അടച്ചത് സ.ഉ.177/06/ഫിൻ. തീയതി 12/04/2006 ന്റെ ലംഘനമാണ്. ഇത്തരത്തിൽ അധികമായി ബാങ്കിൽ അടവാക്കിയ 2,63,625/- രൂപയാണ് ചാത്തമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയിരിക്കുന്നത്. ടി തുക ബാങ്കിൽ നിന്ന് തിരിച്ചുവാങ്ങി സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കേണ്ടതും ടി തുകയ്ക്ക് 12% പലിശ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്നും ഇത് പാലിക്കാതിരുന്നാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 2,63,625/- രൂപ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുമെന്നും ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്നു.

2. ഇ.എം.എസ്. ലോൺ തിരിച്ചടവ് രജിസ്റ്റർ പരിശോധിച്ചതിൽ വന്ന പിഴവും ബാങ്കിൽ നിന്ന് കിട്ടിയ സ്ലിപ്പിൽ ലോൺ ഉൾപ്പെടെ തുക കാണിച്ചതും കാരണമാണ് ഇത്തരത്തിൽ തുക തെറ്റായി അടച്ചുപോയതെന്ന് പരാമർശം (1) പ്രകാരം സെക്രട്ടറി വിശദീകരിച്ചിരിക്കുന്നു. ബാങ്കിന് നൽകിയ തുക പദ്ധതി നിർവ്വഹണത്തിന് സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും അനുവദിച്ച തുകയായതിനാൽ പഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലായെന്നും സെക്രട്ടറിയും പഞ്ചായത്ത് ഭരണസമിതിയും വിലയിരുത്തിയിട്ടുണ്ട്. ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും സർക്കാർ സാധൂകരണത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

3. ബാങ്കിലേയ്ക്ക് പ്രിൻസിപ്പൽ ഇനത്തിൽ അടവാക്കേണ്ട തുകയുടെ വിവരം രേഖപ്പെടുത്തി ലോൺ രജിസ്റ്റർ സൂക്ഷിക്കാതെ അധികം തുക അടവാക്കിയ നടപടി പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സംഭവിച്ച ഗുരുതരമായ വീഴ്ചയാണ്. ചാത്തമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.05.2017 ലെ 347(1)/17 നമ്പർ യോഗതീരുമാനം, കോഴിക്കോട് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 30.10.2017 ലെ യോഗത്തിലെ 2-ാം നമ്പർ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ എന്നിവ

പരിഗണിച്ച് ഓഡിറ്റ് പരാമർശത്തിൻമേൽ സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

4. ഈ സാഹചര്യത്തിൽ ഇ.എം.എസ്. ഭവനപദ്ധതിയുടെ ലോൺ ഇനത്തിൽ, തിരിച്ചടവാകാനുള്ള ലോൺ തുക എത്രയാണെന്നതിൽ കൃത്യത വരുത്താതെ, പ്രൊജക്ട് തയ്യാറാക്കി പ്രിൻസിപ്പൽ തിരിച്ചടവിൽ 2,63,625/- രൂപ അധികമായി ബാങ്കിൽ അടച്ചതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ പ്രസ്തുത തുകയ്ക്ക്, പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ അനുകൂല ശിപാർശകൾ എന്നിവ പരിഗണിച്ച്, ചാത്തമംഗലം ഗ്രാമപഞ്ചായത്ത്, ചാത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ അധികം അടവാക്കിയ തുക, സർക്കാരിൽ നിന്നും അടയ്ക്കേണ്ട പലിശ ഇനത്തിൽ ബാങ്ക് വരവ് വെയ്ക്കണം എന്ന വ്യവസ്ഥയോടെ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയ 2,63,625/- (രണ്ട് ലക്ഷത്തി അറുപത്തി മൂന്നായിരത്തി അറുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, ചാത്തമംഗലം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**